**ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന**

(i) 2024 ഫെബ്രുവരി 9-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 21/2024/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നമ്പർ 168/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾക്കുള്ള ഭേദഗതിയുടെ പരിഗണന

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2018-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണ ക്രമവത്കരണം) ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട് നിർമ്മിച്ച "2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം)" ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. ചട്ടം 2(1)(കെ)-ൽ " 2018" എന്നതിന് പകരം "2016" എന്ന് ചേർക്കുക.

2. ചട്ടം 3(2)(എഫ്)-ൽ " ലൈസൻസിയുടെ സാധുവായ രജിസ്ട്രേഷൻ സംബന്ധിച്ച തെളിവ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

3. ചട്ടം 3(2)(ജി)-ൽ " സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയ സ്ട്രക്ച്ചറൽ എഞ്ചിനീയറുടെ യോഗ്യതയുടെ തെളിവ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

4. ചട്ടം 3(2)(പി)-ൽ " തയ്യാറാക്കിയ" എന്ന വാക്കിന് പകരം "പാസ്സാക്കിയ" എന്ന വാക്ക് ചേർക്കുക.

5. ചട്ടം 4-ലെ പട്ടിക 1 -ൽ ക്രമനമ്പർ (2) കോളം (2)-ൽ " 100 ചതുരശ്ര മീറ്റർ താഴെയുള്ളതുമായ" എന്നീ അക്കത്തിനും വാക്കുകൾക്കും പകരം " 100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ" എന്നീ അക്കവും വാക്കുകളും ചേർക്കുക.

6. ചട്ടം 6(1)-ൽ

(i) " ഫാറം 1-ബിയിൽ വിശദമായി" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും അക്ഷരത്തിനും പകരം " ഫാറം 1-ബിയിൽ" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

(ii) " ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ" എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കാവുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

(iii) " ആയതിൽ" എന്ന വാക്കിന് പകരം " ഫാറം 1-ബിയിൽ" എന്ന വാക്കും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

(iv) " നൽകേണ്ടതുമാണ്" എന്ന വാക്കിന് മുൻപായി " ടൗൺ പ്ലാനർക്ക്" എന്നീ വാക്കുകൾ ചേർക്കുക.

7. ചട്ടം 6(2)(ii)-ൽ " പരിശോധിച്ച്" എന്ന വാക്ക് ഒഴിവാക്കുക.

8. ചട്ടം 6(4)(vii)-ൽ " എയർക്രാഫ്റ്റ്" എന്ന വാക്കിന് ശേഷം " ആക്റ്റ് " എന്ന വാക്ക് ചേർക്കുക.

9. ചട്ടം 6(4)(ix)-ൽ " നടത്തിയിരുന്നെങ്കിൽ" എന്ന വാക്കിന് പകരം " നടത്തിയിട്ടുള്ളതെങ്കിൽ" എന്ന വാക്ക് ചേർക്കുക.

10. ചട്ടം 6(5)-ൽ

(i) " അല്ലെങ്കിൽ യഥാവിധി പൂരിപ്പിക്കുകയോ, ഒപ്പിടുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലെങ്കിലും" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം " ചട്ടം 3(3) പ്രകാരം കുറവുകൾ പരിഹരിച്ചിട്ടില്ലെങ്കിലും" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

(ii) " 30" എന്നീ അക്കങ്ങൾക്ക് പകരം " 45 " എന്നീ അക്കങ്ങൾ ചേർക്കുക.

11. ചട്ടം 6(9)-ൽ ഇനം 1-ൽ " ജില്ലയിലെ " എന്ന വാക്കിന് ശേഷം " തദ്ദേശ സ്വയംഭരണ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കുക.

12. ചട്ടം 6(15)-ൽ " പ്ലോട്ട് സംബന്ധിച്ച " എന്നീ വാക്കുകൾക്ക് പകരം " പ്ലോട്ട് സ്ഥിതി ചെയ്യുന്ന" എന്നീ വാക്കുകൾ ചേർക്കുക.

13. ചട്ടം 7(5)-ൽ " സെക്രട്ടറി നൽകിയ ഫാറം 1-ബി ൽ നൽകിയ " എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും

അക്ഷരത്തിനും പകരം " സെക്രട്ടറി ഫാറം 1-ബി യിൽ രേഖപ്പെടുത്തിയ" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

14. ചട്ടം 8(1)-ൽ " നിർമ്മാണമോ ക്രമവൽക്കരണമോ " എന്നീ വാക്കുകൾക്ക് പകരം " നിർമ്മാണപ്രവർത്തനവും" എന്ന വാക്ക് ചേർക്കുക.

15. ചട്ടം 9(2)-ൽ " ഏതെങ്കിലും അനധികൃത നിർമ്മാണം നടത്തിയ ഉടമ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃത്യമായി പൂരിപ്പിച്ച നിർദ്ദിഷ്ട ഫാറത്തിൽ ബാധകമായ വിശദാംശങ്ങളോടെ, അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതിരിക്കുകയോ, ക്രമവൽക്കരണ അപേക്ഷ നിരസിക്കപ്പെടുകയോ ചെയ്യുന്നപക്ഷം അത്തരം അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് ഉചിതമായ നടപടി, സെക്രട്ടറി ഒരു മാസത്തിനുള്ളിൽ സ്വീകരിക്കേണ്ടതും " എന്നീ വാക്കുകൾക്ക് പകരം " ഉപചട്ടം (1) പ്രകാരം" എന്നീ ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കുക.

16. ചട്ടം 10(2)-ൽ " അപേക്ഷ അനുവദിച്ചുകൊണ്ടോ നിരാകരിച്ചുകൊണ്ടോ" എന്നീ വാക്കുകൾക്ക് പകരം " അപേക്ഷ നിരാകരിച്ചുകൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

17. ചട്ടം 10(4)-ൽ " ആവശ്യമെന്ന് കണ്ടാൽ," എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

18. ചട്ടം 10(5)-ൽ " പുനരവലോകനം" എന്ന വാക്കിന് മുൻപായി " ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് " എന്നീ വാക്കുകൾ ചേർക്കുക.

19. ചട്ടം 10(5) ഇനം (iii)-ൽ " പ്ലാനിംഗ്" എന്ന വാക്കിന് പകരം " (പ്ലാനിംഗ്) " എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

20. ചട്ടം 10(6)-ൽ " പെറ്റീഷൻ " എന്ന വാക്കിന് പകരം " ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് " എന്നീ വാക്കുകൾ ചേർക്കുക.

21. ചട്ടം 10(7)-ൽ

(i) " കമ്മിറ്റി " എന്ന വാക്കിന് ശേഷം " അപ്പീൽ അപേക്ഷകനെ കേൾക്കേണ്ടതും " എന്നീ വാക്കുകൾ ചേർക്കുക.

(ii) " പെറ്റീഷൻ " എന്ന വാക്കിന് പകരം " ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് " എന്നീ വാക്കുകൾ ചേർക്കുക.

22. ചട്ടം 12(2)-ൽ " ഉടമ നൽകിയ" എന്നീ വാക്കുകൾക്ക് ശേഷം " അപേക്ഷയിലെ" എന്ന വാക്ക് ചേർക്കുക.

23. ചട്ടം 12(3)-ൽ " മുകളിൽ എന്തുതന്നെയായിരുന്നാലും" എന്നീ വാക്കുകൾ ഒഴിവാക്കുക.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, "2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം)" സംബന്ധിച്ച ചട്ടങ്ങൾക്കുള്ള ഭേദഗതിയിലെ,

ഭേദഗതി നമ്പർ 1, 4, 5 എന്നിവ സ്വീകരിക്കുന്നു. ഭേദഗതി 6(ii) ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു. 6(iii), 8, 9 എന്നിവ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു എന്നതിലെ ഭേദഗതി എന്താണെന്നുകൂടി പറഞ്ഞാൽ നന്നായിരിക്കും.

ശ്രീ. എം. ബി. രാജേഷ്: സർ, പറയാം.

1-ാം നമ്പർ ഭേദഗതിയായ ചട്ടം 2(1)(കെ)-ൽ " 2018" എന്നതിന് പകരം "2016" എന്ന് ചേർക്കുക എന്നത് സ്വീകരിക്കാവുന്നതാണ്. കാരണം കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, 2016 എന്നതിനെ തെറ്റായി 2018 എന്ന് രേഖപ്പെടുത്തിയതിനാൽ ഇപ്രകാരം മാറ്റം വരുത്താവുന്നതാണ്.

4-ാം നമ്പർ ഭേദഗതിയായ ചട്ടം 3(2)(പി)-ൽ " തയ്യാറാക്കിയ" എന്ന വാക്കിന് പകരം "പാസ്സാക്കിയ" എന്ന വാക്ക് ചേർക്കുക എന്നത്

സ്വീകരിക്കാവുന്നതാണ്. കാരണം മലയാള തർജ്ജമയിൽ വന്ന അർത്ഥ വ്യത്യാസമായതിനാലാണ് ഇപ്രകാരം മാറ്റം വരുത്തുന്നത്.

5-ാം നമ്പർ ഭേദഗതിയായ ചട്ടം 4-ലെ പട്ടിക 1-ൽ ക്രമനമ്പർ (2) കോളം (2)-ൽ " 100 ചതുരശ്ര മീറ്റർ താഴെയുള്ളതുമായ" എന്നീ അക്കത്തിനും വാക്കുകൾക്കും പകരം " 100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ" എന്നീ അക്കവും വാക്കുകളും ചേർക്കുക എന്നത് സ്വീകരിക്കാവുന്നതാണ്. കാരണം അതും മലയാള തർജ്ജമയിൽ വന്ന അർത്ഥ വ്യത്യാസമായതിനാലാണ് ഇപ്രകാരം മാറ്റം വരുത്തുന്നത്.

6(ii)-ൽ "ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ" എന്നീ വാക്കുകൾക്ക് പകരം " ക്രമവൽക്കരിക്കുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ചേർത്ത് ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു. " ക്രമവൽക്കരിക്കുന്ന സംഗതിയിൽ" എന്ന് ചേർക്കുന്നത് കൂടുതൽ ഉചിതമായതിനാലാണ് അപ്രകാരം ചേർക്കുന്നത്.

6 (iii)-ൽ " ആയതിൽ" എന്ന വാക്കിന് പകരം " ഫാറം 1-ബിയിൽ" എന്ന വാക്കും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക എന്നത് സ്വീകരിക്കുന്നു. കൂടുതൽ വ്യക്തതയ്ക്കായാണ് അങ്ങനെ ചേർക്കുന്നത്.

8-ാം നമ്പർ ഭേദഗതിയായ ചട്ടം 6(4)(vii)-ൽ " എയർക്രാഫ്റ്റ്" എന്ന വാക്കിന് ശേഷം " ആക്റ്റ് " എന്ന വാക്ക് ചേർക്കുക എന്നത് സ്വീകരിക്കുന്നു. കാരണം "എയർക്രാഫ്റ്റ്" എന്ന വാക്കിന് പകരം "എയർക്രാഫ്റ്റ് ആക്റ്റ്, 1934 (1934-ലെ 22-ാം)" എന്ന് ചേർക്കാവുന്നതാണ്. തർജ്ജമ ചെയ്തപ്പോൾ വിട്ടുപോയതിനാൽ "എയർക്രാഫ്റ്റ് ആക്റ്റ്, 1934 (1934-ലെ 22-ാം)" എന്ന് ചേർക്കാവുന്നതാണ്.

9-ാം നമ്പർ ഭേദഗതിയായ ചട്ടം 6(4)(ix)-ൽ " നടത്തിയിരുന്നെങ്കിൽ" എന്ന വാക്കിന് പകരം " നടത്തിയിട്ടുള്ളതെങ്കിൽ" എന്ന വാക്ക് ചേർക്കുക എന്നത് സ്വീകരിക്കാവുന്നതാണ്. മലയാളം തർജ്ജമയിൽ വന്ന അർത്ഥ വ്യത്യാസമായതിനാലാണ് ഇപ്രകാരം മാറ്റം വരുത്തുന്നത്.

11-ാം നമ്പർ ഭേദഗതിയായ ചട്ടം 6(9)-ൽ ഇനം 1-ൽ " ജില്ലയിലെ " എന്ന വാക്കിന് ശേഷം " തദ്ദേശ സ്വയംഭരണ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കുക എന്നത് സ്വീകരിക്കാവുന്നതാണ്. കൂടുതൽ വ്യക്തതയ്ക്കായാണ് അപ്രകാരം ചേർക്കുന്നത്.

13-ാം നമ്പർ ഭേദഗതിയായ ചട്ടം 7(5)-ൽ " സെക്രട്ടറി നൽകിയ ഫാറം 1-ബി ൽ നൽകിയ" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും അക്ഷരത്തിനും പകരം " സെക്രട്ടറി ഫാറം 1-ബി യിൽ രേഖപ്പെടുത്തിയ" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക എന്നത് സ്വീകരിക്കുന്നു. മലയാളം തർജ്ജമയിൽ വന്ന അർത്ഥ വ്യത്യാസമായതിനാലാണ് ഇപ്രകാരം മാറ്റം വരുത്തുന്നത്.

19-ാം നമ്പർ ഭേദഗതിയിൽ ചട്ടം 10(5) ഇനം (iii)-ൽ " പ്ലാനിംഗ് " എന്ന വാക്കിന് പകരം "ചീഫ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി. പ്ലാനിംഗ് (കൺവീനർ)" എന്ന വാക്കും ചിഹ്നങ്ങളും ചേർത്ത് ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു. മലയാളം തർജ്ജമയിൽ വാക്കിനുവന്ന വ്യത്യാസം ആയതിനാൽ "ചീഫ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി. പ്ലാനിംഗ് (കൺവീനർ)" മാറ്റം വരുത്താവുന്നതാണ്.

22-ാം നമ്പർ ഭേദഗതിയിൽ ചട്ടം 12(2)-ൽ " ഉടമ നൽകിയ" എന്നീ വാക്കുകൾക്ക് ശേഷം " അപേക്ഷയിലെ" എന്ന വാക്ക് ചേർക്കുക എന്നത് സ്വീകരിക്കുന്നു. അതും മലയാളം തർജ്ജമയിൽ വന്ന അർത്ഥ

വ്യത്യാസമായതിനാലാണ് ഇപ്രകാരം മാറ്റം വരുത്തുന്നത്. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ഭേദഗതിയോടുകൂടി അംഗീകരിച്ചവ വിശദമായി പറയാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെട്ടത് പിന്നീട് നിയമസഭാ നടപടികൾ വായിക്കുന്ന ഏതൊരാളിനും മനസ്സിലാകാൻവേണ്ടിയാണ്.

ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(ii) 2024 ഫെബ്രുവരി 9-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 20/2024/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നമ്പർ 172/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾക്കുള്ള ഭേദഗതിയുടെ പരിഗണന

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണ ക്രമവത്കരണം) ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട് നിർമ്മിച്ച "2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട

(അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം)" ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുന്നു.

1. ചട്ടം 3(2)(എഫ്)-ൽ " ലൈസൻസിയുടെ സാധുവായ രജിസ്ട്രേഷൻ സംബന്ധിച്ച തെളിവ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

2. ചട്ടം 3(2)(ജി)-ൽ " സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയ സ്ട്രക്ച്ചറൽ എഞ്ചിനീയറുടെ യോഗ്യതയുടെ തെളിവ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

3. ചട്ടം 3(2)(പി)-ൽ " തയ്യാറാക്കിയ" എന്ന വാക്കിന് പകരം "പാസ്സാക്കിയ" എന്ന വാക്ക് ചേർക്കുക.

4. ചട്ടം 4-ലെ പട്ടിക 1-ൽ ക്രമനമ്പർ (2) കോളം (2)-ൽ " 100 ചതുരശ്ര മീറ്ററിൽ താഴെയുള്ളതുമായ" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം " 100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

5. ചട്ടം 6(1)-ൽ

(i) " ഫാറം 1-ബിയിൽ വിശദമായ" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നത്തിനും അക്ഷരത്തിനും പകരം " ഫാറം 1-ബിയിൽ" എന്നീ വാക്കുകളും അക്കവും ചിഹ്നവും അക്ഷരവും ചേർക്കുക.

(ii) “ ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ” എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കാവുന്ന സംഗതിയിൽ” എന്നീ വാക്കുകൾ ചേർക്കുക.

(iii) “ കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി” എന്നീ വാക്കുകൾക്ക് പകരം “ കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തി” എന്നീ വാക്കുകൾ ചേർക്കുക.

(iv) “ ആയതിൽ” എന്ന വാക്കിന് പകരം “ ഫാറം 1-ബിയിൽ” എന്ന വാക്കും അക്കവും ചിഹ്നവും അക്ഷരവും ചേർക്കുക.

(v) “ നൽകേണ്ടതുമാണ്” എന്ന വാക്കിന് മുൻപായി “ ടൗൺ പ്ലാനർക്ക്” എന്നീ വാക്കുകൾ ചേർക്കുക.

6. ചട്ടം 6(2)(ii)-ൽ “ പരിശോധിച്ച്” എന്ന വാക്കിനു പകരം “ എന്നിവർ” എന്ന വാക്ക് ചേർക്കുക.

7. ചട്ടം 6(5)-ൽ

(i) “ യഥാവിധി പൂരിപ്പിക്കുകയോ, ഒപ്പിടുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലെങ്കിലോ” എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം “ ചട്ടം 3(3) പ്രകാരം കുറവുകൾ പരിഹരിച്ചിട്ടില്ലെങ്കിലോ” എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

(ii) " 30" എന്നീ അക്കങ്ങൾക്ക് പകരം " 45 " എന്നീ അക്കങ്ങൾ ചേർക്കുക.

8. ചട്ടം 6(9)-ൽ ഇനം 1-ൽ " ജില്ലയിലെ " എന്ന വാക്കിന് ശേഷം " തദ്ദേശ സ്വയംഭരണ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കുക.

9. ചട്ടം 8(1)-ൽ " നിർമ്മാണമോ ക്രമവൽക്കരണമോ " എന്നീ വാക്കുകൾക്ക് പകരം " നിർമ്മാണപ്രവർത്തനവും" എന്ന വാക്ക് ചേർക്കുക.

10. ചട്ടം 9(2)-ൽ " അനധികൃതമായി നിർമ്മാണം നടത്തിയ ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃത്യമായി പൂരിപ്പിച്ച നിർദ്ദിഷ്ട ഫാറത്തിൽ പ്രസക്തമായ വിശദാംശങ്ങളോടെ, അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതിരിക്കുകയോ, ക്രമവൽക്കരണ അപേക്ഷ നിരസിക്കപ്പെടുകയോ ചെയ്യുന്നപക്ഷം അത്തരം അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് ഉചിതമായ നടപടി, സെക്രട്ടറി ഒരു മാസത്തിനുള്ളിൽ സ്വീകരിക്കേണ്ടതും " എന്നീ വാക്കുകൾക്ക് പകരം " ഉപചട്ടം (1) പ്രകാരം" എന്നീ ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കുക.

11. ചട്ടം 10(2)-ൽ " അപേക്ഷ അനുവദിച്ചുകൊണ്ടോ നിരാകരിച്ചുകൊണ്ടോ" എന്നീ വാക്കുകൾക്ക് പകരം " അപേക്ഷ നിരാകരിച്ചുകൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

12. ചട്ടം 10(4)-ൽ " ആവശ്യമെന്ന് കണ്ടാൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

13. ചട്ടം 10(5)-ൽ " പുനരവലോകനം" എന്ന വാക്കിന് മുൻപായി " ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ്" എന്നീ വാക്കുകൾ ചേർക്കുക.

14. ചട്ടം 10(5) ഇനം (iii)-ൽ " പ്ലാനിംഗ്" എന്ന വാക്കിന് പകരം " (പ്ലാനിംഗ്)" എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

15. ചട്ടം 10(6)-ൽ " പെറ്റീഷൻ " എന്ന വാക്കിന് പകരം " ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ്" എന്നീ വാക്കുകൾ ചേർക്കുക.

16. ചട്ടം 10(7)-ൽ

(i) " കമ്മിറ്റി " എന്ന വാക്കിന് ശേഷം " അപ്പീൽ അപേക്ഷകനെ കേൾക്കേണ്ടതും " എന്നീ വാക്കുകൾ ചേർക്കുക.

(ii) " പെറ്റീഷൻ " എന്ന വാക്കിന് പകരം " ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ്" എന്നീ വാക്കുകൾ ചേർക്കുക.

17. ചട്ടം 12(2)-ൽ “ ഉടമ നൽകിയ” എന്നീ വാക്കുകൾക്ക് ശേഷം “ അപേക്ഷയിലെ” എന്ന വാക്ക് ചേർക്കുക.

18. ചട്ടം 12(3)-ൽ “ മുകളിൽ എന്തുതന്നെയായിരുന്നാലും” എന്നീ വാക്കുകൾ ഒഴിവാക്കുക.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, "2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം)" ചട്ടങ്ങളിലെ,

3-ാം നമ്പർ ഭേദഗതിയിൽ ചട്ടം 3(2)(പി)-ൽ “ തയ്യാറാക്കിയ” എന്ന വാക്കിന് പകരം "പാസ്സാക്കിയ” എന്ന വാക്ക് ചേർക്കുക എന്നത് സ്വീകരിക്കുന്നു. മലയാളം തർജ്ജമയിൽ വന്ന അർത്ഥ വ്യത്യാസമായതിനാലാണ് ഇപ്രകാരം മാറ്റം വരുത്തുന്നത്.

4-ാം നമ്പർ ഭേദഗതിയിൽ ചട്ടം 4-ലെ പട്ടിക 1 -ൽ ക്രമനമ്പർ (2) കോളം (2)-ൽ “ 100 ചതുരശ്ര മീറ്ററിൽ താഴെയുള്ളതുമായ” എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം “ 100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ” എന്നീ

അക്കങ്ങളും വാക്കുകളും ചേർക്കുക എന്നത് സ്വീകരിക്കുന്നു. മലയാളം തർജ്ജമയിൽ വാക്കിനുവന്ന വ്യത്യാസമായതിനാലാണ് ഇപ്രകാരം മാറ്റം വരുത്തുന്നത്.

5(ii)-ൽ "ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ" എന്നീ വാക്കുകൾക്ക് പകരം " ക്രമവൽക്കരിക്കുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ചേർത്ത് ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു. " ക്രമവൽക്കരിക്കുന്ന സംഗതിയിൽ" എന്ന് ചേർക്കുന്നത് കൂടുതൽ ഉചിതമായതിനാൽ അപ്രകാരം ചേർക്കാവുന്നതാണ്.

5(iii)-ൽ " അനുബന്ധം 1 പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി" എന്നീ വാക്കുകൾക്ക് പകരം " അനുബന്ധം 1 പ്രകാരം കണക്കാക്കിയ കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി" എന്നീ വാക്കുകൾ ചേർത്ത് ഭേദഗതിയോടുകൂടി അംഗീകരിക്കുന്നു. " അനുബന്ധം 1 പ്രകാരം കണക്കാക്കിയ കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി" എന്ന് ചേർക്കുന്നത് കൂടുതൽ ഉചിതമായതിനാൽ അപ്രകാരം ചേർക്കാവുന്നതാണ്.

5(iv)-ൽ " ആയതിൽ" എന്ന വാക്കിന് പകരം " ഫാറം 1-ബിയിൽ" എന്ന വാക്കും അക്കവും ചിഹ്നവും അക്ഷരവും ചേർക്കുക എന്ന ഭേദഗതി സ്വീകരിക്കുന്നു. വ്യക്തതയ്ക്കായി " ഫാറം 1-ബിയിൽ" എന്ന് ചേർക്കാവുന്നതാണ്.

6-ാം നമ്പർ ഭേദഗതിയിൽ ചട്ടം 6(2)(ii)-ൽ " പരിശോധിച്ച് " എന്ന വാക്കിനു പകരം " എന്നിവർ പരിശോധിച്ച് " എന്ന വാക്ക് ചേർത്തുകൊണ്ട് ഭേദഗതിയോടുകൂടി സ്വീകരിച്ചിരിക്കുന്നു. " എന്നിവർ പരിശോധിച്ച് " എന്ന് ചേർക്കുന്നത് കൂടുതൽ ഉചിതമായതിനാലാണ് അപ്രകാരം ചേർക്കുന്നത്.

8-ാം നമ്പർ ഭേദഗതിയിൽ ചട്ടം 6(9)-ൽ ഇനം 1-ൽ " ജില്ലയിലെ " എന്ന വാക്കിന് ശേഷം " തദ്ദേശ സ്വയംഭരണ വകുപ്പ് " എന്നീ വാക്കുകൾ ചേർക്കുക എന്നത് സ്വീകരിച്ചിരിക്കുന്നു. കൂടുതൽ വ്യക്തതയ്ക്കായി അപ്രകാരം ചേർക്കാവുന്നതാണ്.

14-ാം നമ്പർ ഭേദഗതിയിൽ ചട്ടം 10(5) ഇനം (iii)-ൽ " പ്ലാനിംഗ് " എന്ന വാക്കിന് പകരം " ചീഫ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി. പ്ലാനിംഗ് (കൺവീനർ)" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർത്തുകൊണ്ട് ഭേദഗതിയോടുകൂടി സ്വീകരിച്ചിരിക്കുന്നു. മലയാളം തർജ്ജമയിൽ വാക്കിനുവന്ന വ്യത്യാസമായതിനാൽ " ചീഫ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി. പ്ലാനിംഗ് (കൺവീനർ)" എന്ന് മാറ്റം വരുത്താവുന്നതാണ്.

17-ാം നമ്പർ ഭേദഗതിയിൽ ചട്ടം 12(2)-ൽ “ ഉടമ നൽകിയ” എന്നീ വാക്കുകൾക്ക് ശേഷം “ അപേക്ഷയിലെ” എന്ന വാക്ക് ചേർക്കുക എന്നത് സ്വീകരിക്കുന്നു. മലയാളം തർജ്ജമയിൽ വന്ന അർത്ഥ വ്യത്യാസമായതിനാലാണ് ഇപ്രകാരം മാറ്റം വരുത്തുന്നത്.

വളരെ നിഷ്കർഷതയോടുകൂടി ഈ ക്രമവത്കരണ ഭേദഗതി ചട്ടങ്ങൾ പരിശോധിക്കുകയും ഭൂതക്കണ്ണാടിവച്ച് എന്നതുപോലെ സൂക്ഷ്മമായി വിലയിരുത്തുകയും ചെയ്ത അനുഭവസമ്പന്നനായ മുതിർന്ന അംഗം ഡോ. എൻ. ജയരാജിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എല്ലാ അംഗങ്ങൾക്കും മാതൃകയാക്കാവുന്ന പ്രവർത്തനമാണ് അദ്ദേഹത്തിന്റേത്. നിയമനിർമ്മാണത്തിലും ചട്ടങ്ങളിലുമൊക്കെ ഒരു അംഗത്തിന് എത്ര സൂക്ഷ്മമായി ഇടപെടാം എന്നതാണ് ഇതിലൂടെ തെളിയിക്കുന്നത്. അതോടൊപ്പം ചെയറിനോടും ഞാൻ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുകയാണ്. കാരണം ഭേദഗതി എന്താണെന്ന് സഭയെ അറിയിക്കണമെന്നും അത് സഭാനടപടികൾ വായിക്കുന്ന ഏതൊരാളിനും വ്യക്തമായി മനസ്സിലാകാൻ സഹായിക്കുമെന്നുമുള്ള അങ്ങയുടെ സൂക്ഷ്മമായ നിരീക്ഷണത്തെയും ഞാൻ അഭിനന്ദിക്കുന്നു.

<u>മി. സ്പീക്കർ</u>: നന്ദി. ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.